(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാർ ലൈസൻസ് ഫീ 15 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകളിൽ ഒഴിവ് ചെയ്തുകൊണ്ട് പുതുതായി ബാർ ലൈസൻസുകൾ അനുവദിച്ചിട്ടില്ല.

(ഇ) തൃശ്ശൂർ ജില്ലയിൽ 2 ഹോട്ടലുകൾക്കും കൊല്ലം ജില്ലയിൽ ഒരു ഹോട്ടലിനും അപേക്ഷ പ്രകാരം ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ബാർ ലൈസൻസിനുള്ള ഒരു അപേക്ഷ പരിശോധനയിലാണ്.

കള്ള് വ്യവസായത്തൊഴിലാളികളുടെ പുനരധിവാസം

17 (984) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കള്ള് ചെത്ത് വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ ;

(ബി) കള്ള് വ്യവസായത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തി പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ജോലി സംരക്ഷിക്കാൻ സ്വീകരിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിർത്തലാക്കിയ കള്ള് ഷാപ്പുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കള്ള് ഷാപ്പുകളുടെ നടത്തിപ്പ് തൊഴിലാളികളെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) വിദേശ മദ്യഷാപ്പുകളും ബാറുകളും പുതുതായി അനുവദിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉദയഭാനു കമ്മീഷന്റെ പ്രധാന ശിപാർശയായിരുന്ന ചെത്തു തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് ഉല്പാദന വിതരണ ചുമതല നൽകണമെന്നുള്ളത് 2001-02 കാലഘട്ടത്തിൽ നടപ്പിലാക്കി. എന്നാൽ സംസ്ഥാനത്തെ ചുരുക്കം ചില സഹകരണ സംഘങ്ങൾ ഒഴിച്ച് മറ്റുള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാലും ചില സൊസൈറ്റികൾ മദ്യകുത്തകകളുടെ പിടിയിലായതിന്റെയും ഫലമായിട്ടാണ് പ്രസ്തുത സഹകരണ സംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിച്ച് നിലവിലുള്ള ലൈസൻസിംഗ് സമ്പ്രദായം കൊണ്ടുവന്നിട്ടുള്ളത്.

കള്ളുഷാപ്പുകളിൽ ചാരായം, സ്പിരിറ്റ്, വിദേശമദ്യം എന്നിവ വിൽക്കുന്നത് ജയിൽ ശിക്ഷയ്ക്ക് അർഹമാക്കണമെന്നുള്ള ശിപാർശയിൻമേൽ പുതിയ അബ്കാരി നിയമമനുസരിച്ച് അബ്കാരി കുറ്റങ്ങൾ ജാമ്യമില്ലാ കുറ്റമായും 1 ലക്ഷം രൂപയും 10 വർഷം വരെ തടവും നല്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

കമ്മീഷന്റെ മറ്റുള്ള ശിപാർശകൾ പ്രായോഗികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ കാരണം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കള്ളു വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ജോലി സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

1. നിർത്തലാക്കിയ കള്ളുഷാപ്പുകളിലെ തൊഴിലാളികളെ നിലനിർത്തപ്പെട്ട ഷാപ്പുകളിൽ പുനർ വിന്യസിപ്പിച്ചിട്ടുണ്ട്.

2. വില്പനയിൽ പോകാത്ത കള്ളുഷാപ്പുകളും ലൈസൻസ് റദ്ദ് ചെയ്ത കള്ളുഷാപ്പുകളും നാമമാത്രമായ 500 രൂപ വാടക ഈടാക്കി വൃക്ഷക്കരം, മുൻകൂർ ക്ഷേമനിധി വിഹിതം തുടങ്ങിയവ ഒഴിവാക്കി അതാത് കള്ളുഷാപ്പുകളിലെ തൊഴിലാളി കമ്മിറ്റികൾക്ക് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ 1096 കള്ളുഷാപ്പുകൾ ഇപ്പോൾ തൊഴിലാളി കമ്മിറ്റികൾ നടത്തി വരുന്നു.

3. കള്ളുഷാപ്പ് വില്പനയിൽ/പുതുക്കലിൽ പിടിക്കുന്ന ലൈസൻസിൽ നിന്നും തൊഴിലാളികളുടെ ഒരു മാസത്തെ വേതനം മുൻകൂർ അടയ്ക്കണമെന്ന വ്യവസ്ഥ അബ്കാരി പോളിസിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയത് അബ്കാരി ചട്ടങ്ങളിലും ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) സംസ്ഥാനത്തെ 4362 കള്ളുഷാപ്പുകളിൽ ലൈസൻസിൽ പോകാത്തതും മറ്റുമായ 1096 ഷാപ്പുകൾ ഇപ്പോൾ തൊഴിലാളികളാണ് നടത്തിവരുന്നത്. എല്ലാ ഷാപ്പുകളുടെയും നടത്തിപ്പ് തൊഴിലാളികളെ ഏൽപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(ഇ) ഇക്കാര്യം 2005-06-ലെ മദ്യനയത്തിൽ വ്യക്തമാക്കുന്നതാണ്.

എക്സൈസ് ഇൻസ്പെക്ടർ നിയമനങ്ങൾ

18 (985) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പി.എസ്.സി. വഴി അവസാനമായി നിയമനം നൽകിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര പേർക്ക് നിയമനം നൽകി; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പി.എസ്.സി. വഴി നേരിട്ടും പ്രമോഷൻ വഴിയും ഉള്ള നിയമനത്തിൽ നിയമാനുസൃതമായ അനുപാതം എത്രയാണെന്ന് വിശദീകരിക്കാമോ;

(ഡി) കേരളത്തിലെ എക്സൈസ് റേഞ്ചുകളിൽ എക്സൈസ് ഇൻസ്പെക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൈക്കൊണ്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly